**ORIGINAL**

# നേത്രദാനം സമ്മതപത്രം

No:

## Eye Donation Pledge

മരണശേഷം എന്റെ കണ്ണുകൾ സർക്കാർ ആശുപത്രിയിലെ നേത്രബാങ്കിലേയോ, ഏതെങ്കിലും ഒരു അംഗീകൃത നേത്രബാങ്കിലേയോ ഡോക്ടർ ഓപ്പറേഷൻ ചെയ്ത് എടുക്കുന്നതിനും അത് ചികിത്സാപരമായ ആവശ്യങ്ങൾക്ക് യുക്തമായ രീതീയിൽ ഉപയോഗിക്കുന്നതിനും ഇതിനാൽ പൂർണ്ണമായും സമ്മതിച്ചിരിക്കുന്നു.

എന്ന്,

നേത്രദാതാവിന്റെ പേര്--------------------------------------------------

വയസ്സ്-------- ഒപ്പ്--------------------------------------------------

വീട്ട് പേര് --------------------------------------------------

സ്ഥലം --------------------------------------------------

പോസ്റ്റ്--------------------------------------------------

ജില്ല ------------------------------ പിൻ നമ്പർ --------------------

സംസ്ഥാനം --------------------------------------------------

ബ്ലഡ് ഗ്രൂപ്പ് ------------------------------ തീയതി --------------------

ഫോൺ നമ്പർ------------------------------ WhatsApp --------------------

ഇമെയിൽ ഐ.ഡി --------------------------------------------------

Please support Kerala Blind Association facebook

**കേരള ബ്ലൈന്റ് അസോസിയേഷന്റെ നേത്രദാനത്തിൽ**

**ഒപ്പം ഞാനും**

Online Eye Donation Registration
www.keralablindassciation.com
Download your eye donation certificate

നേത്രദാനം ഫോറം www.keralablindassociation.com എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച് അടുത്തുള്ള നേത്രബാങ്ക്, ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നേരിട്ട് നൽകുകയോ അല്ലെങ്കിൽ താഴെപറഞ്ഞ ഞങ്ങളുടെ മേൽവിലാസത്തിൽ അയച്ചുതന്നോ നേത്രദാനപദ്ധതിയിൽ നിങ്ങൾക്ക് പങ്കാളിയാവാം.


**KBA**

**KERALA BLIND ASSOCIATION Reg No : S277/07**

JASLU Centre ,West Hill , Kannur Road, Kozhikode 673005

Help Line No: 7034 280 962 Email: kbakeralaindia@gmail.com

Download form from : www.keralablindassociation.com


*"ജീവകാരുണ്യം ഔദാര്യമല്ല , ഓരോ വ്യക്തിയുടേയും പ്രസ്ഥാനത്തിന്റെയും സാമൂഹിക ധാർമ്മിക ബാദ്ധ്യതയാണ്"*

Follow us on Facebook : Kerala Blind Association

നേത്രദാനം ഫോറം www.keralablindassociation.com എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

<u>കുറിപ്പ്</u>

1. നേത്രദാനം ചെയ്യുന്നത് ജീവിച്ചിരിക്കുമ്പോഴാണെങ്കിലും സമ്മതപത്രം പ്രാവർത്തികമാകുന്നത് നേത്രദാതാവിന്റെ മരണശേഷമാണ്.

2. സമ്മതപത്രത്തിൽ മേൽവിലാസം വളരെ വിശദമായും വ്യക്തമായും കാണിച്ചിരിക്കണം. ഫോൺ ഉണ്ടെങ്കിൽ നമ്പറും.

3. മരണം സംഭവിച്ചുകഴിഞ്ഞാൽ ബന്ധുക്കൾ ഉടൻ തന്നെ ആശുപത്രിയുമായി ബന്ധപ്പെടണം. മൃതദേഹം ആശുപത്രിയിലേക്ക് കൊണ്ടുവരണമെന്നില്ല. ഡോക്റ്റർ താങ്കളുടെ വീട്ടിലേക്ക് വരുന്നതായിരിക്കും .സാധിക്കുമെങ്കിൽ ഒരാൾ വന്ന് ഡോക്റ്ററെ കൂട്ടിക്കൊണ്ട് പോകുന്നതാണ് നല്ലത്. ഡോക്ടർ വരുന്നതിന് ഹോസ്പിറ്റൽ ആംബുലൻസോ, മറ്റേതെങ്കിലും ഹോസ്പിറ്റൽ വാഹനമോ ഉപയോഗിച്ചുകൊള്ളും.

4. മരണശേഷം രണ്ട് മണിക്കൂറിനുള്ളിൽ കണ്ണുകൾ എടുക്കുന്നതാണ് ഏറ്റവും പ്രയോജനമാകുന്നത്. നാലുമണിക്കൂർ വരെയുമാകാം ആറുമണിക്കൂറിന് ശേഷമാണെങ്കിൽ പ്രയോജനമില്ലാതാകുന്നു.

5. കൺപോളകൾക്ക് കേടുവരുത്താതെ അതിസൂക്ഷമമായി നേത്രഗോളങ്ങൾ എടുത്തുമാറ്റി കൺ പോളകൾ അടച്ചുവെച്ചു കഴിഞ്ഞാൽ മൃതദേഹത്തിന്റെ മുഖത്ത് യാതൊരു വൈരൂപ്യവും അനുഭവപ്പെടുകയില്ല.

6. താങ്കളുടെ വിലമതിക്കാനാകാത്ത രണ്ടു കണ്ണുകളും മരണത്തോടുകൂടി എന്നന്നേക്കുമായി നഷ്ട്ടപ്പെട്ടു പോകുന്നു. അന്ധനായ ഒരാൾക്ക് ആ കണ്ണുകൾ കാഴ്ച നൽകുവാൻ ഉപകരിക്കുമെങ്കിൽ അത് വലിയ ഒരു സേവനമല്ലേ..?
അതു കൊണ്ട് താങ്കൾ സ്വയം നേത്രദാനം ചെയ്യുക. താങ്കളുടെ ബന്ധുക്കളേയും , സുഹൃത്തുക്കളേയും അതിന് പ്രേരിപ്പിക്കുക.

7. രജിസ്ട്രേഷൻ കഴിഞ്ഞു തിരിച്ചുകിട്ടുന്ന ഈ സമ്മതപത്രം കഴിയുമെങ്കിൽ ഫ്രെയിം ചെയ്ത് വീട്ടിൽ സൂക്ഷിക്കുക. മരണം സംഭവിക്കുമ്പോൾ നേത്രദാനത്തെ കുറിച്ച് ബന്ധുക്കൾ ഓർക്കുന്നതിന് ഇത് സഹായിക്കും. മാത്രമല്ല അത് സഹജീവികളോടുള്ള താങ്കളുടെ മനുഷ്യസ്നേഹത്തിന്റെ പ്രതീകമായി നിലകൊള്ളുകയും ചെയ്യും.

8 തിരുവനന്തപുരം കണ്ണാശുപത്രിയും, കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജാശുപത്രകളിലേയും, ഡിസ്ട്രിക്റ്റാശുപത്രികളിലേയും നേത്ര ചികിത്സാ വിഭാഗങ്ങളും നേത്രദാനം സ്വീകരിക്കുന്നതിനും അവ ഉപയോഗിക്കുന്നതിനുമുള്ള അംഗീകൃത സ്ഥാപനങ്ങളാണ്.


**KBA**

**KERALA BLIND ASSOCIATION Reg No : S277/07**

KBA SOCIAL SERVICE
KBA
KERALA BLIND ASSOCIATION

JASLU Centre ,West Hill , Kannur Road, Kozhikode 673005

Help Line No: 7034 280 962 Email: kbakeralaindia@gmail.com

Download form from : www.keralablindassociation.com


*“ജീവകാരുണ്യം ഔദാര്യമല്ല , ഓരോ വ്യക്തിയുടേയും പ്രസ്ഥാനത്തിന്റെയും സാമൂഹിക ധാർമ്മിക ബാദ്ധ്യതയാണ്”*

Follow us on Facebook : Kerala Blind Association

Eye Donation Online Registration ന് സന്ദർശിക്കുക

**www.keralablindassociation.com**

# നേത്രദാനം

## നേത്രദാനം ചെയ്യു നമ്മുടെ സഹോദരങ്ങൾക്ക് കാഴ്ച കിട്ടട്ടെ

1) എന്താണ് നേത്രദാനം ?
മരണശേഷം നമ്മുടെ കണ്ണുകൾ കാഴ്ചയില്ലാത്തവർക്ക് കാഴ്ചയാവാൻ സഹായിക്കുന്ന മഹത്വമായ സംഭാവനയാണ് നേത്രദാനം

2) എന്താണ് നേത്രദാനസമ്മതപത്രം ?
മരണശേഷം നമ്മുടെ കണ്ണുകൾ നേത്രദാനം സ്വീകരിക്കുന്ന ആശുപത്രിയിലെ നേത്രദാനം ബാങ്കിലെയോ ഡോക്ടർ ഓപ്പറേഷൻ ചെയ്ത് എടുക്കുന്നതിനും അത് ചികിത്സാപരമായ ആവശ്യങ്ങൾക്ക് യുക്തമായ രീതിയിൽ ഉപയോഗിക്കുന്നതിന് സമ്മതമാണെന്ന് പേരും മേൽവിലാസവും ഒപ്പും വെച്ച് എഴുതി കൊടുക്കുന്ന ഒരു സമ്മതപത്രമാണ് നേത്രദാനസമ്മതപത്രം

3) നേത്രപടലം (Cornea) എന്നാൽ എന്ത് ?
നേത്രഗോളത്തിനകത്തേക്ക് (Eyeball) പ്രകാശ രശ്മികൾ കടത്തിവിടുന്ന സുതാര്യമായ ഭാഗമാണ് നേത്രപടലം (Cornea)

4) നേത്രപടലം (Cornea) നശിക്കുന്നതെങ്ങിനെ?
നേത്രപടലനത്തിനുണ്ടാകുന്ന ക്ഷതങ്ങൾ അണുബാധ വിറ്റാമിൻ എ യുടെ കുറവ് എന്നിവ കൊണ്ട് നേത്രപടലം നശിക്കുന്നു.അതാര്യമാക്കുന്നു കാഴ്ച നഷ്ടപ്പെടുന്നു.

5) നഷ്ടപ്പെട്ട കാഴ്ച എങ്ങിനെതിരിച്ച് കിട്ടും?
നേത്രപടലം (Cornea) മാറ്റിവെക്കൽ ശസ്ത്രക്രിയ ചെയ്താൽ കാഴ്ച തിരിച്ചു കിട്ടും.

6) നേത്രപടലം (Cornea) കൃത്രിമമായി നിർമ്മിക്കുവാൻ കഴിയുമോ?
നേത്രപടലം കൃത്രിമമായി നിർമ്മിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല

7) എവിടെ നിന്ന് ലഭിക്കും?
നേത്രദാനം മാത്രമാണ് മാർഗ്ഗം

8) ആർക്കെല്ലാം നേത്രദാനം ചെയ്യാം ?
ഏത് പ്രായക്കാർക്കും ലിംഗഭേദമന്യ നേത്രദാനം ചെയ്യാം. കണ്ണട വെക്കുന്നുണ്ടെങ്കിലും,നേരത്തെ കണ്ണിന് ഓപ്പറേഷൻ ചെയ്തിട്ടുണ്ടെങ്കിലും, നേത്രദാനം ചെയ്യാം.

9) നേത്രദാനസമ്മതപത്രം ചെയ്യുന്നതെങ്ങിനെയാണ് ?
ഏതെങ്കിലും നേത്രബാങ്കിൽപ്പോയി നേത്രപടല ദാനം (Cornea) ചെയ്യുന്ന സമ്മതപത്രം പൂരിപ്പിച്ച് അവിടെ തന്നെ കൊടുത്താൽമതി. **Online Registration** ഉപയോഗപ്പെടുത്താം. **www.keralablindassociation.com** എന്ന വെബ്സൈറ്റിലൂടെ.

b) നേത്രദാനസമ്മതപത്രം പൂരിപ്പിച്ചതുകൊണ്ടോ ഓൺലൈനായി ഐ ഡൊണേഷൻ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് കൈവശം വെച്ചതുകൊണ്ടോ മരണശേഷം നേത്രദാനം ചെയ്യുക സാധ്യമല്ല. നേത്രദാനസമ്മതപത്രം പൂരിപ്പിക്കലും ഐ ഡൊണേഷൻ രജിസ്റ്റർ ചെയ്യുന്നതും ബോധവൽക്കരണത്തിന്റെ ഭാഗം മാത്രമാണ്. മരണ ശേഷം ബന്ധുക്കളുടെ അനുവാദമുണ്ടെങ്കിൽ മാത്രമെ നേത്രദാനം നടക്കപ്പെടുകയുള്ളു. ആയതിനാൽ നേത്രദാനം ചെയ്യാനുള്ള നിങ്ങളുടെ ആഗ്രഹം നിങ്ങളുടെ ബന്ധുക്കളോട് പ്രകടിപ്പിക്കുക. നേത്രദാനം ചെയ്യുമ്പോൾ ലഭിക്കുന്ന സർട്ടിഫിക്കറ്റ് വീട്ടിൽ സൂക്ഷിച്ചുവെക്കുക. മരണശേഷം ബന്ധുക്കൾക്ക് നിങ്ങളുടെ ആഗ്രഹം ഓർത്തെടുക്കാൻ സാധ്യമാകും.

10) ജീവിച്ചിരിക്കുമ്പോൾ കണ്ണുകൾ എടുക്കുമോ?
ഒരിക്കലുമില്ല. സമ്മതം നൽകിയാലും മരണശേഷം മാത്രമെ കണ്ണുകൾ എടുക്കുകയുള്ളു.

11) മൃതശരീരം വികൃതമാകുമോ ?
ഇല്ല ഒരിക്കലുമില്ല. കണ്ണുകൾ നീക്കം ചെയ്തതിനുശേഷം അവിടെ പ്ലാസ്റ്റിക് കണ്ണുകൾ വെച്ചുകൊടുക്കുന്നു

12) നേത്രദാനം സാധ്യമല്ലാത്ത മരണകാരണങ്ങൾ ഏതെല്ലാമാണ്?
• ആത്മഹത്യ • എയ്ഡ്സ് • അർബുദം (കാൻസർ) • മഞ്ഞപിത്തം
• പേവിഷബാധ

13) മരണശേഷം എത്ര സമയത്തിനുള്ളിൽ കണ്ണുകൾ എടുക്കപ്പെടണം ?
മരണശേഷം രണ്ടുമണിക്കൂറിനുള്ളിൽ കണ്ണുകൾ എടുക്കപ്പെടുന്നതാണ് ഏറ്റവും പ്രയോജനമാകുന്നത് നാല് മണിക്കൂർവരെയുമാകാം. ആറ് മണിക്കൂറിന് ശേഷമാണെങ്കിൽ പ്രയോജനമില്ലാതാകും

14) ഒരു നേത്രദാതാവിൽ നിന്ന് എടുക്കുന്ന കണ്ണുകൾ എത്രനേരം വരെ നേത്രദാനശസ്ത്രക്രിയ നടത്താതെ സൂക്ഷിച്ച് വെക്കുവാൻ സാധിക്കും ?
സാധാരണനിലയിൽ 24മണിക്കൂർ വരെയും എന്നാൽ എം.കെ മീഡിയത്തിൽ സൂക്ഷിക്കുകയാണെങ്കിൽ 72 മണിക്കൂർ വരെ കണ്ണുകൾ സൂക്ഷിക്കുവാൻ സാധിക്കും.

15) മരണശേഷം ബന്ധുക്കൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ?

- മരണം സ്ഥിതീകരിച്ചതിന് ശേഷം എത്രയും പെട്ടെന്ന് മരണം സംഭവിച്ച വ്യക്തിയുടെ പേര്,വയസ്സ്,മേൽവിലാസം,മരണകാരണം,മരിച്ചസമയം എന്നിവ മെഡിക്കൽ സംഘത്തെ അറിയിക്കുക
- മരണം സംഭവിച്ച വ്യക്തിയുടെ ബോഡിക്ക് തലക്ക് പിന്നിലായി ഒരു ബെഡ്ഷീറ്റ് മടക്കിവെച്ച് തല അൽപ്പം ഉയർത്തിവെക്കുക.രണ്ട് കൺപോളകൾക്ക് മുകളിലായി നനഞ്ഞ തുണി വെക്കുക, ഫാൻ ഓഫാക്കുക
- കണ്ണുകൾ എടുക്കുവാൻ എത്തിയ മെഡിക്കൽ സംഘത്തിന് മരണം സംഭവിച്ച വ്യക്തിയുടെ കണ്ണുകൾ എടുക്കുവാൻ സമ്മതമാണെന്ന് അടുത്തബന്ധുക്കൾ എഴുതി ഒപ്പിട്ട് നൽകുക
- നേത്രദാനത്തിന്റെ സർട്ടിഫിക്കറ്റ് കിട്ടുന്നതിനായി മരണം സംഭവിച്ച നേത്രദാതാവിന്റെ ഒരു ഫോട്ടോ മെഡിക്കൽ സംഘത്തെ ഏൽപ്പിക്കുകയും പിന്നീട് ലഭിക്കുന്ന സർട്ടിഫിക്കറ്റ് കൈപ്പറ്റുകയും ചെയ്യുക.മറ്റുള്ളവർക്ക് അതൊരു പ്രചോദനമാകും.

കാഴ്ചയില്ലാത്ത മിത്രങ്ങളുടെ ഫെയിസ്ബുക്ക് പേജ്
Kerala Blind Association സന്ദർശിക്കുക

**"നേത്രദാനം മഹത്തായ ഒരു കുടുംബ പാരമ്പര്യമാണ്"**

**"മരണശേഷം നമ്മുടെ കണ്ണുകൾ നശിക്കാതിരിക്കട്ടെ.**
**അന്ധതബാധിച്ച ഒരാൾക്ക് നമുക്ക് കാഴ്ച കൊടുക്കാം"**